## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1183 11.02.2016 ൽ മറുപടിയ്ക്ക്

### വിദേശ കമ്പനികളുടെ സർക്കാർ ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ഡോ.എൻ. ജയരാജ് | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | ഏതെല്ലാം വിദേശ കമ്പനികൾ സർക്കാർ ഭൂമി കൈവശം വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | സ്വാതന്ത്ര്യത്തിന് ശേഷം വിദേശ കമ്പനികൾ കൈവശം വച്ചിരുന്ന ഭൂമി ഭരണഘടനയുടെ 296-ാം വകുപ്പ് പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായി. പ്രസ്തുത ഭൂമി സ്വതന്ത്ര ഇൻഡ്യയിൽ ബ്രിട്ടീഷ് കമ്പനികളോ, അവരുടെ ഇവിടത്തെ ഏജന്റുമാരോ നിലവിലെ കൈവശക്കാർക്ക് കൈമാറിയതായി അവകാശപ്പെടുന്ന ഇൻഡ്യൻ കമ്പനികളാണ് നിലവിലുള്ളതായി കാണുന്നത്. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും; പ്രസ്തുത കമ്പനിയിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവരും, തിരുവനന്തപുരം-പട്ടം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ട്രാവൻകൂർ റബ്ബർ & റ്റീ കമ്പനിയും അതിന്റെ അനുബന്ധ കമ്പനികളും, മൂന്നാറിലെ കെ.ഡി.എച്ച് കമ്പനിയും ഇത്തരത്തിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് നിലവിലുള്ള അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ; | ഹാരിസൺസ് മലയാളം ലിമിറ്റഡും, അവരിൽ നിന്നും ഭൂമി വിലയ്ക്ക വാങ്ങിയവരും, അനധികൃതമായി കൈവശം വയ്ക്കുന്ന സർക്കാർ ഭൂമി സ്വാതന്ത്ര്യത്തിന് മുൻപ് മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി കൈവശം വച്ചിരുന്നതും, സ്വാതന്ത്ര്യാനന്തരം ഉപേക്ഷിച്ചുപോയതുമാണ്. നിയമ പ്രകാരം കേന്ദ്ര ഗവൺമെന്റോ, റിസർവ്വ് ബാങ്കോ അനുവദിച്ചാൽ മാത്രമേ വിദേശീയർക്ക് ഇൻഡ്യയിൽ ഭൂമി ഇടപാട് നടത്താൻ കഴിയുമായിരുന്നുള്ളൂ. പ്രസ്തുത ഇനത്തിൽപ്പെട്ട 38051 ഏക്കർ ഭൂമി കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിൽ നിന്നും |

| | | |
|---|---|---|
| | | ലാൻഡ് കൺസർവൻസി ആക്റ്റ് പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു.ഹൈക്കോടതി നിർദ്ദേശപ്രകാരം പ്രസ്തുത ഉത്തരവുകളുടെ തൽസ്ഥിതി തുടരുന്നു. |
| (സി) | ഇപ്രകാരം വിദേശ കമ്പനികൾ നിയന്ത്രിച്ചിരുന്ന സർക്കാർ ഭൂമി തിരിച്ചുപിടിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്? | ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശത്തിലുള്ള സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി 25.04.13-ലെ ജി.ഒ(എം.എസ്)നം.161/2013/ആർ.ഡി ഉത്തരവ് പ്രകാരം എറണാകുളം ജില്ലാ കളക്ടർ ആയ ശ്രീ.എം.ജി.രാജമാണിക്യം ഐ.എ.എസ്-നെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തി ഉത്തരവായി. ആദ്യഘട്ടമായി സ്പെഷ്യൽ ഓഫീസർ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശത്തിലുള്ള 38,051 ഏക്കർ ഭൂമി സർക്കാരിലേക്ക് ഏറ്റെടുത്ത് ഉത്തരവായി. വിദേശ കമ്പനികൾ സ്വാതന്ത്ര്യത്തിന് മുൻപ് കൈവശം വച്ചിരുന്ന ഭൂമി, സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ, കേന്ദ്ര ഗവൺമെന്റോ നിലവിലെ കൈവശക്കാർക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും, കെ.എൽ.സി നിയമ പ്രകാരം അനധികൃത കൈവശങ്ങൾ കണ്ടെത്തി, സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനും സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷനെ ചുമതലപ്പെടുത്തിക്കൊണ്ട് 30.12.2015-ലെ ജി.ഒ(എം.എസ്)703/2015/ആർ.ഡി നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ വെളിച്ചത്തിൽ സ്പെഷ്യൽ ഓഫീസർ & കളക്ടർ, ഗവൺമെന്റ് ലാൻഡ് റിസംപ്ഷൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ